പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1769 — 18.06.2012 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, കെ. രാജു<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണവിവരങ്ങൾ പോലീസ് സ്റ്റേഷനുകൾ വഴി ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ നിന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ പേരും, മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ അതതു പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തു സൂക്ഷിച്ചുവരുന്നു. |
| (ബി) ഈ തൊഴിലാളികൾ ഉൾപ്പെട്ട എത്ര കേസ്സുകൾ വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇപ്പോൾ രജിസ്റ്റർ ചെയ്ത് നടപടികൾ നടന്നുവരുന്നുണ്ട്; ഇതിൽ കൊലപാതകം ഉൾപ്പെടെയുള്ള കേസുകൾ എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ 158 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇവയിൽ 14 എണ്ണം കൊലപാതക കേസുകളാണ്. |
| (സി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ് പ്രധാനമായി തൊഴിലിന് വേണ്ടി കേരളത്തിൽ എത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ബംഗാൾ, ഒറീസ, ആസ്സാം, ബീഹാർ, ഛത്തീസ്ഗഢ്, തമിഴ്നാട് , രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കൂടുതലും ഈ സംസ്ഥാനത്ത് തൊഴിലെടുത്ത് വരുന്നത്. |

സെക്ഷൻ ഓഫീസർ